ഹർത്താൽ നിരോധിക്കുന്നതിന് നടപടി

17 [*284] ശ്രീ. കോവൂർ കുഞ്ഞുമോൻ :

,, എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം റുപടി നൽകുമോ :

(എ) രാഷ്ട്രീയ പാർട്ടികളും മറ്റു സംഘടനകളും നടത്തുന്ന ഹർത്താൽ നിരോധി ാൻ ആലോചനയുണ്ടോ എന്ന് വെളിപ്പെടുത്താമോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) :

(എ) & (ബി) ഹർത്താൽ നിരോധിക്കുന്നത് സംബന്ധിക്കുന്ന നിർദ്ദേശങ്ങൾ ഒന്നും ാതെ ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഹർത്താലിന്റെ പേരിൽ സാധാരണ ജനജീവതത്തെ ബാധിക്കുന്ന രീതിയിൽ ഒരു പ്രവർത്തനവും അനുവദിക്കുന്നതല്ല.

ആയുർവേദ പഠന ഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി

18 [*285] ശ്രീ. കെ. നാരായണക്കുറുപ്പ് :

,, തോമസ് ചാഴികാടൻ :

,, റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവ ുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആയുർവേദ പഠനഗവേഷണകേന്ദ്രം സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ചർച്ച നടത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) അമൂല്യങ്ങളായ ഔഷധ സസ്യങ്ങളുള്ള കേരളത്തിൽ ആയുർവേദ ഗവേഷണ കന്ദ്രം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ഉണ്ട്.

(ബി) & (സി) ചർച്ചയൊന്നും നടത്തിയിട്ടില്ല. എന്നാൽ ഇത്തരം പദ്ധതികൾക്ക് അനുമതി നൽകുന്നകാര്യം പരിഗണനയിൽ ഇല്ലാ എന്നുള്ളവിവരം കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) കേന്ദ്രസർക്കാരിന്റെ അനുമതിക്കു വിധേയമായി നടപടി സ്വീകരിക്കുന്ന താണ്.

LIBRARY ARCHIVES Kerala Legislative Assembly